**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5390 31.10.2016 – ൽ മറുപടിയ്ക്ക്

## സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച ആദിവാസി- ഗോത്രവർഗ ജനവിഭാഗങ്ങൾ

ചോദ്യം
ശ്രീ.പി.കെ.ബഷീർ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ എന്നീ രോഗങ്ങൾ ബാധിച്ച ആദിവാസി- ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിന് പ്രതിമാസം ധനസഹായം അനുവദിക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനും ആദിവാസി വിഭാഗങ്ങളിലെ സിക്കിൾസെൽ അനീമിയ രോഗബാധിതർക്ക് പട്ടിക ജാതി-പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് പൊതുവിഭാഗത്തിന് കേരള സാമൂഹ്യ സുരക്ഷാ മിഷനും ധനസഹായം അനുവദിക്കുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ. ഹീമോഫീലിയ രോഗബാധിതർക്ക് 1000/-രൂപയും, പൊതുവിഭാഗത്തിലെ സിക്കിൾ സെൽ അനീമിയ ബാധിതർക്ക് 2000/- രൂപയും, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ് ആദിവാസി വിഭാഗങ്ങളിലെ സിക്കിൾ സെൽ അനീമിയ ബാധിതർക്ക് പ്രതിമാസം 2000/- രൂപയും അനുവദിക്കുന്നു. |
| (ബി) | എന്നു മുതലാണ് ധനസഹായം അനുവദിച്ചു തുടങ്ങിയതെന്നും പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | ഹീമോഫീലിയ രോഗബാധിതർക്ക് 2014 മുതലും സിക്കിൾ സെൽ അനീമിയ രോഗബാധിതർക്ക് (ആദിവാസി വിഭാഗം) 2012 മുതലും ധനസഹായം അനുവദിക്കുന്നു. 1138 ഹീമോഫീലിയ രോഗബാധിതർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം അനുവദിച്ചു വരുന്നു. സിക്കിൾ സെൽ അനീമിയ ബാധിച്ച ട്രൈബൽ വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര പേർക്ക് നാളിതു വരെയായി ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്; | (സി) | ഏറനാട് മണ്ഡലത്തിൽ നിന്നും ഹീമോഫീലിയ രോഗബാധിതരായ 14 പേർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ധനസഹായം അനുവദിച്ചു വരുന്നു. സിക്കിൾ സെൽ അനീമിയ ബാധിതരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | എത്ര മാസത്തെ ധനസഹായം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഹീമോഫീലിയ രോഗബാധിതർക്ക് 2016 ജൂൺ മാസം വരെയുള്ള ധനസഹായം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുവദിച്ചിട്ടുണ്ട്. സിക്കിൾ സെൽ അനീമിയ രോഗബാധിതർക്ക് നൽകാനുള്ള കുടിശ്ശികയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**